ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ)

(എ) കാൻസർനെറ്റ് എന്ന പദ്ധതി 8.2.2000-ൽ ആണ് കേന്ദ്രഗവൺമെന്റിന്റെ ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് അംഗീകരിച്ചത്. ഇപ്പോൾ ഈ പദ്ധതിക്കാവശ്യമായ സോഫറ്റ് വെയർ വികസിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനാവശ്യമായ മറ്റുപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങളും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടം ഈ വർഷം അവസാനത്തോടുകൂടി നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ക്യാൻസർ രോഗനിർണ്ണയം ചികിത്സ, സാന്ത്വന ചികിത്സ എന്നിവയ്ക്കു വേണ്ട വിദഗ്ദ്ധ ഉപദേശം നൽകുക, തുടർ ചികിത്സ ആവശ്യമായി വരുന്ന രോഗികൾക്കും ഉപകേന്ദ്രങ്ങളിൽ വച്ചുതന്നെ വിദഗ്ദ്ധോപദേശം നൽകുക എന്നീ ലക്ഷ്യങ്ങളോടുകൂടി സംസ്ഥാനതലത്തിൽ ഒരു കമ്പ്യൂട്ടർനെറ്റ് വർക്ക് സ്ഥാപിക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

(സി) സംസ്ഥാന റീജിയണൽ ക്യാൻസർസെന്ററും ഇലക്ട്രോണിക് ഗവേഷണ വികസന കേന്ദ്രവും (ഇ.ആർ.ആന്റ് ഡി.സി) സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) പത്തനംതിട്ട, കരുനാഗപ്പള്ളി, എറണാകുളം, കൊടുങ്ങല്ലൂർ, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്യാൻസർ രോഗ നിർണ്ണയകേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഇ) ഈ പദ്ധതി വിജയപ്രദമാണെന്ന് കാണുന്നപക്ഷം കൂടുതൽ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശമുണ്ട്.

(എഫ്) സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളോടും അനുബന്ധിച്ച് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

(ജി) ഈ പദ്ധതിയുടെ നടത്തിപ്പിനായി 64.45 ലക്ഷം രൂപ ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്. ഇതിൽ 50 ലക്ഷം രൂപ കേന്ദ്രഗവൺമെന്റിൽ നിന്നും, 5 ലക്ഷം രൂപ ഇലക്ട്രോണിക്സ് ഗവേഷണ വികസന കേന്ദ്രത്തിൽ നിന്നും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബാക്കി 9.45 ലക്ഷം രൂപ റീജിയണൽ കാൻസർസെന്റർ സമാഹരിക്കേണ്ടതുണ്ട്.

ജനകീയാസൂത്രണ പദ്ധതികൾക്ക് മാർഗ്ഗ നിർദ്ദേശം

8 (*158) ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ജനകീയാസൂത്രണ പദ്ധതികൾക്ക് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അത് എന്താണെന്ന് വിശദീകരിക്കുമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ വിദഗ്ദ്ധ സമിതി അംഗീകരിക്കേണ്ടതുണ്ടോ;

(ഡി) ഈ സമിതികളെ പിരിച്ചുവിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ:

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്. ജനകീയാസൂത്രണത്തിന്റെ നാലാം വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 2000 ഏപ്രിൽ മാസം 3-ാം തീയതിയിലെ എം.എസ്.17/2000/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. (കോപ്പി ഇതോടൊപ്പം വയ്ക്കുന്നു)†

(ബി) മാർഗ്ഗ നിർദ്ദേശങ്ങൾ പ്രധാനമായും ആസൂത്രണ നടപടി ക്രമങ്ങളാണ്. അവ ചുവടെ വിവരിക്കുന്നു.

(1) പദ്ധതി ഗ്രാന്റിനു പുറമെ മറ്റു സ്രോതസ്സുകളിലൂടെ വിഭവസമാഹരണം നടത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ ഉൾപ്പെടുത്തുകയും ചെയ്യുന്നത് സംബന്ധിച്ച്.

(2) പദ്ധതി വിഹിതം മേഖലാ വിഭജനം നടത്തുന്നതിനെക്കുറിച്ച്,

(3) അനുവദിക്കാവുന്ന ഉയർന്ന സബ്സിഡി നിരക്കുകളുടെ വിശദീകരണം.

(4) വ്യക്തികൾക്കും കുടുംബങ്ങൾക്കും സബ്സിഡി നൽകി വിതരണം ചെയ്യാൻ പാടില്ലാത്ത ആനുകൂല്യങ്ങൾ.

(5) വിവിധ തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംയോജനം.

(6) പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, വനിതാ ഘടക പദ്ധതി എന്നിവ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ.

(7) പദ്ധതി രൂപീകരണ നടപടി ക്രമങ്ങൾ

(8) പ്രാദേശിക നിരക്കുകൾ സ്വീകരിക്കുന്നതിനെക്കുറിച്ച്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അംഗീകരിക്കുന്നത് അവയുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ തന്നെയാണ്. വിദഗ്ദ്ധ സമിതികൾ അവയെ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്.

(ഡി) വിദഗ്ദ്ധസമിതികളെ പിരിച്ചു വിട്ടിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഉദ്യോഗസ്ഥ വിന്യാസം പൂർത്തിയാക്കുന്നതു വരെ വിദഗ്ദ്ധ സമിതികളുടെ സേവനം അനിവാര്യമാണ്.

സ്വകാര്യ ആശുപത്രികളിലെ പാഴ് വസ്തുക്കളും മലിന വസ്തുക്കളും നശിപ്പിക്കുന്ന നടപടി

9 (*159) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ എത്ര വൻകിട സ്വകാര്യ ആശുപത്രികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര?

(ബി) ഈ ആശുപത്രികളിലെ പാഴ് വസ്തുക്കളും മലിന വസ്തുകളും നശിപ്പിക്കുന്നത് എപ്രകാരമാണ്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly